## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 3590

19.02.2013 ലെ മറുപടിയ്ക്ക്

### ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.എസ്. സുനിൽ കുമാർ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് ദശാബ്ദകാലത്തെ പ്രവർത്തനം വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനും ഒരു ശാസ്ത്ര സാങ്കേതിക കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br>(ബി) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്വയം ഭരണാവകാശം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ)-യും (ബി)-യും.<br>ഈ തരത്തിലുള്ള നിർദ്ദേശം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം-ലെയും മറ്റ് സഹോദര സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അർഹമായ ഒൻപതാം ശമ്പള കമ്മീഷൻ ആനുകൂല്യം ഇതുവരെയും നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; എപ്പോൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) ഒൻപതാം ശമ്പള കമ്മീഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിനായുള്ള സർക്കാർ ഉത്തരവും കൗൺസിൽ ഉത്തരവും 2013 ജനുവരിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) 2012 ഡിസംബർ മാസത്തിൽ വിജ്ഞാപനം ചെയ്ത സി.ഡബ്ല്യൂ.ആർ.ഡി.എം-ലേയ്ക്കുള്ള സ്ഥിരം ഡയറക്ടർ നിയമനം വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; നിയമനം അടിയന്തിരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) അടിയന്തിര നടപടിസ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഇ) സി.ഡബ്ല്യൂ.ആർ.ഡി.എം-ലെ കേന്ദ്ര ശമ്പള നിരക്ക് ബാധകമായ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും കൊടുത്തു തീർക്കുവാനുമുള്ള 2006 മുതലുള്ള ശമ്പള പരിഷ്കരണത്തിന്റെയും അസസ്സ്മെന്റ് പ്രൊമോഷന്റെയും കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ശമ്പള പരിഷ്കരണത്തിന്റെയും അസസ്സ്മെന്റ് പ്രൊമോഷന്റെയും കുടിശ്ശിക വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 1200 ലക്ഷം രൂപ അഡീഷണൽ ഗ്രാന്റായി നൽകുകയും സി.ഡബ്ല്യൂ.ആർ.ഡി.എം-ൽ വിഹിതം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ